ശ്രീ. സി. പി. ഹാർമിസ് : ഇതുവരെയായിട്ടും എതെങ്കിലും പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നടത്തിയിട്ടുണ്ട്. മേജർ ഇറിഗേഷനെന്നും മൈനർ ഇറിഗേഷനെന്നും രണ്ടു വിഭാഗങ്ങളാ ഉള്ളതിൽ ഏതു മൈനർ, ഏതു മേജർ എന്നു തീരുമാനിക്കാൻ താമസം വന്നു. മൈനർ പഞ്ചായത്തും മേജർ പി. ഡബ്ലിയു. ഡി.യും നടത്തണമെന്നുണ്ടായിരുന്ന തീരുമാനം മാറ്റി ലിഫ്റ്റ് ഇറിഗേഷൻ മുഴുവൻ പി. ഡബ്ലിയു. ഡി. തന്നെ നടത്തിയാൽ മതിയെന്നു തീരുമാനിച്ചിരിക്കയാണ്.

WRITTEN ANSWERS

ഹൌസിംഗ് സ്കീം.

* 222. [36] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഗസറ്റഡ് ഉദ്യോഗസ്ഥന്മാരെ ഉദ്ദേശിച്ച് ഒരു ഹൌസിംഗ് സ്കീം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. പോലായുധൻ):

ഇല്ല.

ഹൌസിംഗ് സ്കീമിനുള്ളതുക.

* 223. [37] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൌസിംഗ് സ്കീമിനുവേണ്ടി കേന്ദ്രത്തിൽനിന്നും മൊത്തം എത്ര തുക ഗ്രാന്റായും, ലോണായും സംസ്ഥാനത്തിന് ഈ വർഷം നൽകിയിട്ടുണ്ട്;

(ബി) ഇതനുസരിച്ച് സ്കീം തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൌസിംഗ് സ്കീമിനുവേണ്ടി ഈ വർഷം കേന്ദ്രത്തിൽ നിന്നും യാതൊരു ഗ്രാന്റും, ലോണും കിട്ടിയിട്ടില്ല. എന്നാൽ സബ്സിഡൈസ്ഡ് ഇൻഡസ്ട്രിയൽ ഹൌസിംഗ് സ്കീമിനുവേണ്ടി 20 ലക്ഷം രൂപ ഗ്രാന്റും, ലോണുമായിട്ടും, 15 ലക്ഷം രൂപ ലോ ഇൻകം ഗ്രൂപ്പ് ഹൌസിംഗ് സ്കീമിനുവേണ്ടി ലോണായിട്ടും കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) താഴെ പറയുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആശ്രാമം (കൊല്ലം), തൃശ്ശൂർ, ആലപ്പുഴ, എറണാകുളം മുതലായ സ്ഥലങ്ങളിലേയ്ക്ക് ഉടൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly